06/05/2020 സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920
Email:- sic.ker@nic.in

## ഹർജി നമ്പർ AP.No.489(5)/19/SIC

## തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം

## File No.3104/SIC-G7/2019

**സന്നിഹിത**
**ശ്രീമതി ശ്രീലത പി.ആർ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. എസ്. സോമുലാൽ,
ഉതൃട്ടാതി, ഒരുപറ സെറ്റിൽമെന്റ്,
പട്ടൻകുളിച്ചപാറ,
പേപ്പാറ പി.ഒ, തിരുവനന്തപുരം.
} അപ്പീൽ ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സെക്രട്ടറി,
വിതുര ഗ്രാമപഞ്ചായത്ത് കാര്യാലയം,
വിതുര പി.ഒ, തിരുവനന്തപുരം.

അപ്പീൽ അധികാരി & പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം,
സിവിൽ സ്റ്റേഷൻ നാലാംനില, കുടപ്പനക്കുന്ന് പി.ഒ,
തിരുവനന്തപുരം.
} എതിർകക്ഷികൾ

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 17.09.2018 |
| ഒന്നാം എതിർകക്ഷിയുടെ മറുപടി | 25.10.2018 |
| ഒന്നാം അപ്പീൽ | 07.11.2018 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 06.12.2018 |
| രണ്ടാം അപ്പീൽ | 19.02.2019 |
| ഹിയറിംഗ് തീയതി, സ്ഥലം | 22.10.2019, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം |
| എതിർകക്ഷി<br><br>അപ്പീൽഹർജിക്കാരൻ | ഹാജരായിരുന്നു<br><br>ഹാജരായിരുന്നില്ല |

1. അപ്പീൽ ഹർജിക്കാരി സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്.

   a. 2006 ലെ വനാവകാശ നിയമം ടി ഓഫീസിൽ ലഭ്യമാണോ

   b. ഗ്രാമപഞ്ചായത്ത് അധികാരികളുടെ ഉത്തരവാദിത്വങ്ങളും കടമകളും നിർവചിച്ചി ട്ടുള്ള പ്രസക്തഭാഗം ഫയലിൽ ലഭ്യമാണോ ഉണ്ടെങ്കിൽ കറണ്ട് ഫയലിന്റെ എത്രാമത്തെ പേജു മുതൽ എത്രാമത്തെ പേജു വരെയെന്ന് വ്യക്തമാക്കുക

   c. ഈ ചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന പ്രകാരമാണോ കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളതും നിലവിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതും

   d. ഈ വിഷയം കൈകാര്യം ചെയ്യുന്ന ഫയൽ 2017 വർഷത്തിൽ എത്ര പ്രാവശ്യം സമർപ്പിച്ചിട്ടുണ്ട്

e. 2017 വർഷത്തിൽ പഞ്ചായത്ത് സെക്രട്ടറി എത്ര പ്രാവശ്യം ഫയലിൽ കുറിപ്പുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നിങ്ങനെയുള്ള 10 വിവരങ്ങളാണ്.

2. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ തൃപ്തനാകാതിരുന്ന അപ്പീൽഹർജിക്കാരൻ ഒന്നാം അപ്പീൽ സമർപ്പിച്ചു. അപ്പീൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിലെ 1,2,3 ക്രമനമ്പറിന് ഒന്നാം എതിർകക്ഷി നൽകിയ മറുപടി ശരിയാണെന്നും 4,5,6 ക്രമനമ്പരുകളിൽ ആവശ്യപ്പെട്ട വിവരം നൽകുന്നതിന് 2017 ൽ പരാമർശിത കാലയളവിൽ ഫയൽ ഇല്ലായിരുന്നു എന്നും 2018 ൽ ആണ് നിലവിലെ ഫയൽ ആരംഭിച്ചതെന്നും ആയതിനാൽ ക്രമനമ്പർ 6-ലെ വിവരത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ഉണ്ട് എന്നും ഇല്ലെങ്കിൽ അത്തരത്തിൽ ഒരു മറുപടി നൽകേണ്ടതാണെന്നും എസ്.പി.ഐ.ഒയ്ക്ക് നിർദ്ദേശം നൽകി കൊണ്ടും 7,8 എന്നിവയ്ക്ക് എസ്.പി.ഐ.ഒ മറുപടി നൽകിയതായി ബോദ്ധ്യപ്പെടുകയും 9-ാമത്തെ ക്രമനമ്പർ വിവരത്തിന് വ്യക്തമായ മറുപടി നൽകുവാനും ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകി ഒന്നാം അപ്പീൽ തീർപ്പാക്കി.

3. ഒന്നാം അപ്പീൽ അധികാരിയുടെ യാതൊരു നിർദ്ദേശങ്ങളും ഒന്നാം എതിർകക്ഷി പാലിച്ചിട്ടില്ല എന്ന് പരാതിപ്പെട്ടുകൊണ്ട് ആണ് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചത്. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു. നേർവിചാരണയ്ക്ക് ഹാജാരായ ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ മൊഴി നൽകിയത്, അപ്പീൽഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് 25.10.2019 തീയതി വിവരം നൽകി എന്നും അപ്പീൽ ഉത്തരവിനെ തുടർന്ന് 22.12.2018 ന് മറുപടി നൽകിയിട്ടുണ്ട് എന്നാണ്.

4. അപ്പീൽഹർജിയും മറ്റ് അനുബന്ധരേഖകളും പരിശോധിക്കുമ്പോൾ, ഒന്നാം എതിർകക്ഷി ലഭ്യമാക്കിയിരിക്കുന്ന മറുപടി പൂർണമല്ല എന്ന് കാണുന്നു. അപ്പീൽ അധികാരിയുടെ ഉത്തരവിനെ തുടർന്ന് 22.12.2018 ൽ മറുപടി നൽകിയിട്ടുണ്ടെന്ന് അവകാശപ്പെട്ടത് അല്ലാതെ പ്രസ്തുത മറുപടിയുടെ പകർപ്പ് കമ്മീഷൻ മുമ്പാകെ നൽകിയിട്ടുമില്ല. അപ്പീൽ അധികാരിയുടെ നിർദ്ദേശ പ്രകാരം ഒന്നാം എതിർകക്ഷി പ്രവർത്തിച്ചിട്ടില്ല എന്ന് കമ്മീഷൻ വിലയിരുത്തുന്നു. വിവരാവകാശ അപേക്ഷയ്ക്ക് പരസ്പര വിരുദ്ധമായ മറുപടി നൽകുകയും അപ്പീൽ അധികാരി ഉത്തരവ് നൽകിയിട്ടും യാതൊരു വിവരവും നൽകാതിരുന്ന ഒന്നാം എതിർകക്ഷിയുടെ നടപടി വിവരാവകാശ നിയമത്തിന്റെ ലംഘനവും ഗുരുതരമായ വീഴ്ചയുമായി കമ്മീഷൻ വിലയിരുത്തുന്നു. ഇപ്രകാരം വീഴ്ച വരുത്തിയ ഒന്നാം എതിർകക്ഷിക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താൽക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയതു ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു മറുപടിയും ലഭിക്കുന്നില്ലെങ്കിൽ ടി എതിർകക്ഷിക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ മേൽ വകുപ്പ് പ്രകാരമുള്ള അന്തിമ നടപടി സ്വീകരിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതാണ്.

5. അപ്പീൽഹർജിക്കാരന്റെ പരാതി ഇപ്പോഴും നിലനിൽക്കുന്ന സാഹചര്യത്തിൽ പ്രസ്തുത അപേക്ഷയ്ക്ക് ഈ ഉത്തരവ് കിട്ടി 7 ദിവസത്തിനുള്ളിൽ വ്യകതവും കൃത്യവുമായ മറുപടി സൗജന്യമായി ഹർജിക്കാരന് നൽകേണ്ടതാണെന്ന് ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു. കമ്മീഷൻ നിർദ്ദേശം നടപ്പിലാക്കിയ വിവരം രേഖാമൂലം അറിയിക്കേണ്ടതുമാണ്.

6. **ഇപ്രകാരം ഈ അപ്പീൽഹർജി ഇന്നേദിവസം 2020 ജനുവരി 31–ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഒപ്പ്)
**ശ്രീലത. പി. ആർ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി